"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്., ആർ.ആർ.എഫ്.) തീപിടുത്തസാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.113/2021/LSGD     തീയതി,തിരുവനന്തപുരം, 16/01/2021

---

ഉത്തരവ്

ഹരിതകർമ്മസേന മുഖേന ഗാർഹിക/സ്ഥാപന തലത്തിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സംഭരിച്ച് തരംതിരിച്ച് പരിപാലിക്കുന്നതിന് ഹരിതകേരളം, ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്‌സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്ന ഇത്തരം കേന്ദ്രങ്ങളിൽ തീപിടുത്തം മൂലമുണ്ടാകുന്ന അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നതിനാൽ ആയത് ഒഴിവാക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്., ആർ.ആർ.എഫ്.) തീപിടുത്തസാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്ടമെന്റ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

അനുബന്ധം

**പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്., ആർ.ആർ.എഫ്.) ഒരുക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ - മാർഗരേഖ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമസേന മുഖാന്തരം ശേഖരിക്കപ്പെടുന്ന അഴുകാത്ത പാഴ് വസ്തുക്കൾ തരംതിരിച്ച് സംഭരിക്കുന്നതിനും അവ പുനരുപയോഗ/പുനഃചക്രമണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കുന്നതിനും വേണ്ടി നിർമ്മിച്ചിട്ടുള്ള ഇടങ്ങളാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും. ഇത്തരം ഇടങ്ങളിൽ തീപിടിത്തത്തിന് കാരണമാകുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാൽ അപകട സാധ്യത കൂടുതലാണ്. ആയതിന് അനുയോജ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. പാഴ്‌വസ്തു ശേഖരണ കേന്ദ്രങ്ങളുടെ നിലവിലെ അവസ്ഥ താഴെ പറയും പ്രകാരമാണ്.

- സുരക്ഷാ ഓഡിറ്റ് നടത്താത്ത താൽക്കാലിക കെട്ടിടങ്ങളിലും, ജനവാസം കുറഞ്ഞ മേഖലയിലും, ജനസാന്ദ്രത കൂടിയ ടൗണുകളുടെ മധ്യത്തിലും എം.സി.എഫ്/ആർ.ആർ.എഫ്കൾ, പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.
- നിലവിൽ ഒരിടത്തും അഗ്നിശമനസേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ല.
- എം.സി.എഫ്., ആർ.ആർ.എഫ്. കളിൽ കൈമാറ്റം ചെയ്യുന്ന ഉത്പന്നങ്ങൾ എല്ലാം തന്നെ വളരെ പെട്ടെന്ന് തീപിടുത്തത്തിന് കാരണമാകുന്നവയാണ്. ആയതിനാൽ വളരെ പെട്ടെന്ന് തീപിടിക്കാനുള്ള സാഹചര്യം നിലവിലുണ്ട്.
- തീപിടിത്തമുണ്ടായാൽ അടിയന്തരമായി തീ അണയ്ക്കുന്നതിനോ, ജീവനക്കാരെ സുരക്ഷിതരാക്കുന്നതിനോ കഴിയുന്ന സാഹചര്യമില്ല.
- ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ മിക്ക എം.സി.എഫ്., ആർ.ആർ.എഫ്. കളിലും ഇല്ല.
- അടിയന്തരമായി വെള്ളം പമ്പ് ചെയ്യുന്നതിനുള്ള ജലസംഭരണികളോ വാട്ടർ പമ്പുകളോ സ്ഥാപിച്ചിട്ടില്ല.

സെമി പെർമനന്റ് രീതിയിൽ ഭൂരിഭാഗം ഇഷ്ടിക, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചും ഇരുമ്പ് ഗ്രില്ലുകളും മേൽക്കൂരയോടും കൂടിയ നിർമ്മാണ രീതിയോ കോൺക്രീറ്റ് നിർമ്മാണ രീതിയോ ആണ് പ്രസ്തുത പാഴ്‌വസ്തു ശേഖരണ കേന്ദ്രങ്ങളുടെ നിർമ്മാണ രീതി. ഹരിത കർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പൊതുഇടങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, പേപ്പർ, ഹാർഡ് ബോർഡ്, മെറ്റൽ ഉത്പന്നങ്ങൾ, ചെരുപ്പ്, തുകൽ ഉത്പന്നങ്ങൾ, റബ്ബർ, ഗ്ലാസ് ഉത്പന്നങ്ങൾ തുടങ്ങിയവയാണ് എം.സി.എഫ്., ആർ.ആർ.എഫുകളിൽ കൈകാര്യം ചെയ്യപ്പെടുന്ന പാഴ്‌വസ്തുക്കൾ. കൂടാതെ പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ, ബെയിലിങ്ങ് മെഷീൻ , ഡസ്റ്റ് റിമൂവർ, പ്ലാസ്റ്റിക് മെൽറ്റിങ്ങ് ആൻഡ് ഗ്രൈൻഡിങ്ങ് മെഷിനുകൾ എന്നിവയാണ് എം.സി.എഫ്., ആർ.ആർ.എഫുകളിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ. എം.സി.എഫ്., ആർ.ആർ.എഫ്കളിലോ പരിസരത്തോ പുക വലിക്കുന്നതും വൃത്തിയാക്കലിന്റെ ഭാഗമായി കരിയില കത്തിക്കുന്നതും ഉപയോഗശൂന്യമായ മാലിന്യങ്ങൾ കത്തിക്കുന്നതും ഇലക്ട്രിസിറ്റി ഷോർട്ട് സർക്യൂട്ട് എന്നിവയുമാണ് പ്രസ്തുത കേന്ദ്രങ്ങളിൽ തീപിടിക്കാനുള്ള സാഹചര്യങ്ങൾ. മേൽ സാഹചര്യത്തിൽ താഴെ പറയുംപ്രകാരമുള്ള സുരക്ഷാമുൻ കരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

**സുരക്ഷാ മുൻകരുതലുകൾ**

- യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്റെ സമീപത്തു നിന്നും നിശ്ചിത അകലത്തിൽ മാത്രം പാഴ് വസ്തുക്കൾ സൂക്ഷിക്കുക.
- അടിയന്തര രക്ഷാ പ്രവർത്തനത്തിനായി കുറഞ്ഞത് 250-500 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കും പ്രഷർ പമ്പും സ്ഥാപിക്കുക
- തീപിടുത്തമുണ്ടായാൽ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഫയർ ആൻഡ് റസ്ക്യൂ വിഭാഗം മുഖേന ഹരിത കർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകുക.
- എം.സി.എഫ്., ആർ.ആർ.എഫ് എന്നിവയ്ക്ക് പുറത്ത് പാഴ് വസ്തുക്കൾ കൂട്ടിയിടുന്നത് ഒഴിവാക്കുക
- പാഴ് വസ്തുക്കൾ എം.സി.എഫ്., ആർ.ആർ.എഫ്കളിൽ കെട്ടിക്കിടക്കാത്ത വിധം സമയബന്ധിതമായി അവ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി നടപടി സ്വീകരിക്കുക.
- എം.സി.എഫ്., ആർ.ആർ.എഫ്കളിൽ ഗ്യാസ്/മണ്ണെണ്ണ സ്റ്റൗ പ്രവർത്തിപ്പിക്കാതിരിക്കുക.
- സ്വകാര്യ എം.സി.എഫ്., ആർ.ആർ.എഫ്കൾക്ക് സുരക്ഷാ മാനദണ്ഡങ്ങൾ വിലയിരുത്തി മാത്രം തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുക
- ക്ലീൻ കേരള കമ്പനി നിർദ്ദേശ പ്രകാരമുള്ള പാഴ് വസ്തുക്കൾ മാത്രം എം.സി.എഫ്., ആർ.ആർ.എഫ്.കളിലേക്ക് എത്തിക്കുക.

**ഒരുക്കേണ്ട സുരക്ഷാ സജ്ജീകരണങ്ങൾ**

- എല്ലാ എം.സി.എഫ്., ആർ.ആർ.എഫ്കളിലും ഇലക്ട്രിക്കൽ സുരക്ഷാ ഓഡിറ്റ്, ഫയർ ഓഡിറ്റ് എന്നിവ നടത്തുക.
- ആവശ്യാനുസരണം ഫയർ എക്സ്റ്റിംഗ്വിഷറുകൾ സ്ഥാപിക്കുക.
- വാട്ടർ ടാങ്കും പ്രഷർ പമ്പും സ്ഥാപിക്കുക
- ഫസ്റ്റ് എയ്ഡ് സംവിധാനം ഒരുക്കുക.
- നിശ്ചിത ഇടവേളകളിൽ ഫയർ ആൻഡ് ഇലക്ട്രിക്കൽ ഓഡിറ്റ് നടത്തുക. ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കുക.
- എം.സി.എഫിലേക്ക് വരുന്ന വസ്തുക്കൾ, തരംതിരിക്കുന്ന വസ്തുക്കൾ, പുനഃചക്രമണത്തിന് വിധേയമാക്കുന്ന വസ്തുക്കൾ എന്നിവ പ്രത്യേകം അകലം പാലിച്ച് സൂക്ഷിക്കുക.
- ഗുണമേന്മയുള്ള വയറിങ്ങ് സംവിധാനങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്.